# മൈത്രി

ഡിജിറ്റൽ മാസിക




Little KITEs

ലിറ്റിൽ കൈറ്റ്സ്

ഐ.ടി. ക്ലബ്ബ്

നമ്പർ : LK / 2018 / 26065

ഗവ: എച്ച്. എസ്. എസ് & വി. എച്ച്. എസ്. എസ്

നോർത്ത് ഇടപ്പള്ളി

0484-2801673

## ജി വി എച്ച് എസ് എസ് നോർത്ത് ഇടപ്പള്ളി

# ആശംസകൾ

കൈറ്റിന്റെ നേതൃത്വത്തിൽ ഗവ വി എച്ച് എസ് എസ് നോർത്ത് ഇടപ്പള്ളിയിലെ ലിറ്റിൽ കൈറ്റ്സ് വിഭാഗം പ്രസിദ്ധീകരിക്കുന്ന ഇ-മാഗസിനാണ് 'മൈത്രി '. സൗഹൃദം ,ശാന്തി എന്നെല്ലാം അർത്ഥം വരുന്ന മൈത്രി ഈ വിദ്യാലയത്തിലെ കുട്ടികളുടെയും അധ്യാപകരുടെയും കലാ സാഹിത്യാഭിരുചികളുടെ കൂട്ടായ്മയാണ് . വിവര സാങ്കേതിക വിദ്യയിലൂടെ സർഗ്ഗ ശക്തി പരിപോഷിപ്പിക്കുന്നതിനായുള്ള കൈറ്റിന്റെ പരിശ്രമത്തെ അഭിനന്ദിക്കുന്നു .പ്രളയം തളർത്തിയ കേരളത്തെ ജനമൈത്രിയിലൂടെ മുന്നോട്ട് നയിക്കുവാനുള്ള ശ്രമങ്ങൾ തുടരുന്ന സാഹചര്യമാണിത്. പ്രളയാനുഭവങ്ങളുമായി ബന്ധപ്പെട്ട രചനകളും ഇതിൽ ഉൾപെടുത്തിയിട്ടുണ്ട് എന്നത് കരണീയമാണ്. മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു .



ശ്രീമതി.ശ്രീലേഖ സി ജെ
ഹെഡ് മിസ്ട്രസ്

# ആശംസകൾ

വളരെ സന്തോഷം തോന്നിയ നിമിഷമാണിത് . വിദ്യാർത്ഥികളുടെ സർഗ്ഗ വാസന ഐ ടി പഠനവുമായി ബന്ധിപ്പിച്ചു പ്രകടിപ്പിക്കാനുള്ള അവസരം നൽകിയ എല്ലാവരെയും അഭിനന്ദിക്കുന്നു . ഈ വിദ്യാലയത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'മൈത്രി ' യിൽ സഹകരിച്ച എല്ലാവർക്കും ഈ മാസികക്കും ആശംസകൾ നേരുന്നു .

ശ്രീ.അബ്ദുൽ സലാം തങ്ങൾ
പി ടി എ പ്രസിഡന്റ്



# എഡിറ്റോറിയൽ

ദുരന്തങ്ങൾ നമ്മുടെ സംഭാവനയോ ?

കേരളം ഇതുവരെ അനുഭവിക്കാത്ത വിധത്തിലുള്ള പ്രകൃതി ദുരന്തമാണ് 2018 ആഗസ്റ്റ് മാസത്തിൽ നമുക്ക് നേരിടേണ്ടി വന്നത് . വെള്ളപ്പൊക്കം ജനങ്ങളെ ഒന്നിപ്പിക്കുവാൻ സഹായകമായി , വിദ്വേഷത്തിന്റെയും പിണക്കത്തിന്റെയും മതിൽക്കെട്ടുകൾ തകർത്തു എന്നൊക്കെ പറയുമ്പോഴും ഇത് നാം തന്നെ വരുത്തിവെച്ചതല്ലേ എന്ന് ചിന്തിക്കുന്നത് നന്നായിരിക്കും .

മനുഷ്യർ പ്രകൃതിയോട് ചെയ്യുന്നതക്രമങ്ങളാണ് ഇതിനൊക്കെ കാരണം. പ്രകൃതിയെ അമ്മയെപ്പോലെ സ്നേഹിച്ചിരുന്ന അവസ്ഥ മാറി ഉപഭോഗ വസ്തുവായി മാറ്റിയതിനു നാം മാപ്പർഹിക്കുന്നുണ്ടോ? പ്രകൃതിയുടെ പ്രതികരണങ്ങളാണ് ദുരന്തങ്ങളായിവരുന്നതെന്ന് തിരിച്ചറിയുക . പ്രകൃതിയെ സ്നേഹിക്കുക .

നല്ല നാളുകൾക്കായി നമുക്ക് ഒത്തൊരുമയോടെ പ്രവൃത്തിക്കാം.

ഹിദ ഫാത്തിമ , 9A

ചീഫ് എഡിറ്റർ



# താളുകളിലൂടെ ....


| | |
|---|---|
| മലയാള വിഭാഗം | 7 |
| ചിന്താവിഷയം | 8 |
| കവിത | 9 |
| കായികം | 10 |
| അനുഭവക്കുറിപ്പ് | 12 |
| കവിത | 13 |
| അഭിമുഖം | 14 |
| പരിസ്ഥിതി സംരക്ഷണം | 16 |
| ചെറുകഥ | 17 |
| സാഹിത്യം | 20 |
| ശാസ്ത്ര കൗതുകം | 21 |
| ശുഭ ചിന്തകൾ | 22 |
| ചെറുകഥ | 23 |
| ചിത്രകല | 25 |
| ഇംഗ്ലീഷ് വിഭാഗം | 28 |
| POEM | 29 |
| QUOTES | 30 |
| FAMOUS SCIENTISTS | 31 |
| PUZZLE | 32 |
| POEM | 33 |
| CONVERSATION | 34 |

| | |
|---|---|
| GENERAL KNOWLEDGE | 35 |
| ANIMAL WORLD | 37 |
| SCIENCE | 38 |
| PROVERBS | 40 |
| WORD GAME | 41 |
| MATHEMATICS | 42 |
| DRAWINGS | 43 |
| JOKES | 44 |
| ഹിന്ദി വിഭാഗം | 45 |
| POEM | 46 |
| PROFILE | 47 |
| പ്രവർത്തനങ്ങൾ ചിത്രങ്ങളിലൂടെ | 49 |

# മലയാള വിഭാഗം

ചിന്താവിഷയം

# പ്രളയം -ഒരു പാഠം

മലയാള മനസ്സുകളെ നടുക്കിക്കൊണ്ടു കടന്നുവന്ന ഒരു വൻ ദുരന്തമായിരുന്നു പ്രളയം . പ്രതീക്ഷിക്കാതെയെത്തിയ പ്രളയത്തിൽ കേരളജനത കഷ്ടപെട്ടുവെങ്കിലും എല്ലാവരും ഒരുപോലെനിന്ന് പ്രളയത്തെ അതിജീവിച്ചു .ജാതിമതഭേദമന്യേ എല്ലാവരും ഒരുപോലെ പ്രവർത്തിച്ചു . നാടിനെയും നാട്ടുകാരെയും പ്രളയമെന്ന മഹാദുരന്തത്തിൽ നിന്ന് കരകയറ്റി. ഈ കേരളത്തിൽ ഇതിലധികം ദുരന്തങ്ങൾ സംഭവിക്കുമായിരുന്നു എല്ലാവരും അവരവരുടെ കാര്യം മാത്രം നോക്കി നടന്നിരുന്നെങ്കിൽ . എന്നാൽ ഇവിടെ അങ്ങനെയല്ല സ്വന്തം ജീവനിൽപോലും ശ്രദ്ധഇല്ലാതെ ഏതു പാതിരാത്രിയായാലും എത്ര വലിയ അപകട സ്ഥലത്തും ഓടിയെത്താൻ മലയാളികൾ കാണിച്ച മനസ്സാണ് പ്രളയത്തെ തോല്പിച്ചത് . തന്റെ ജീവൻ നൽകി മറ്റുള്ളവരെ രക്ഷപ്പെടുത്തിയവരും കേരളത്തിനഭിമാനമാണ് . പ്രളയം മൂലം വസ്തുക്കൾ നശിച്ചെങ്കിലും ജീവന് അപായം അധികമാർക്കും ഇല്ല എന്നത് ഇതിന് തെളിവാണ് പ്രളയത്തെ ധൈര്യത്തോടെ ഒറ്റക്കെട്ടായി നേരിട്ട കേരളജനതയ്ക്ക് ഇനി എത്ര വലിയ പ്രകൃതി ദുരന്തം വന്നാലും നേരിടുവാൻ സാധിക്കും. മനുഷ്യർ എപ്പോഴും ഒന്നാണെന്നും അവിടെ ജാതിക്കും മതത്തിനും സ്ഥാനമാനങ്ങൾക്കും ഇടം ഇല്ലെന്ന് പ്രളയം നമ്മെ പഠിപ്പിക്കുന്നു



ശ്രീലക്ഷ്മി , 9A

കവിത

# ഇടങ്ങൾ

ഇരവിനും നിനവിനും ഇടയിൽ
നിനക്കും എനിക്കും ഇടയിൽ
ഋതു ചക്ര സങ്കീർത്തനങ്ങൾ ...
പകലവന്റെ പിണക്കവും ഇണക്കവും
സ്വപ്നങ്ങൾക്ക് മേൽ വീണ നനുത്ത മുഖപടവും
ഇന്നിനി തിരുശേഷിപ്പുകളാകുന്നില്ലല്ലോ
പറയാതെ  പറയുവതാകുന്നിനി നീ
വാക്കുകൾ മുരൾച്ചകളാകുന്നു ..
ആവർത്തനങ്ങൾ തികച്ചും ആവർത്തനങ്ങൾ
എന്റെ വാക്കിനുമേൽ വീണ ചങ്ങലകൾ
എടുത്തുമാറ്റാനാവാത്തത്ര ഭാരമോ ?
പരിധിയില്ലാ കയങ്ങൾ ....ഇനി ?
കയങ്ങൾക്കപ്പുറം ഇരുട്ടിന്റെ ശ്യാമഭാവം
കറുപ്പിന്റെ മൂടുപടമണിഞ്ഞ ഇടങ്ങൾ ....

ശ്രീമതി .ചിത്ര മോഹനൻ
അദ്ധ്യാപിക (മലയാളം)



കായികം

# കളിയിലെ അല്പം കാര്യങ്ങൾ

# അത്‌ലറ്റിക്സ്

**ലോങ്ജമ്പ്, ട്രിപ്പിൾ ജമ്പ്,പോൾ വോൾട്ട്** എന്നിങ്ങനെയാണ് വിവിധ ഇനം ചാട്ട മത്സരങ്ങൾ .**ഷോട്ട്പുട്ട് ,ജാവലിൻത്രോ ,ഹാമർ ത്രോ** ഇനങ്ങൾ ഏറു മത്സരങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുന്നു

## ബാർ

ഹൈ ജംപിലും പോൾ വോൾട്ടിലും ഉപയോഗിക്കുന്ന ഉപകരണമാണ് ബാർ. തടി, ഫൈബർ ,ലോഹം എന്നിവയിൽ ഏതെങ്കിലും ഒന്ന് കൊണ്ടാണ് നിർമ്മാണം. രണ്ട് തൂണുകളിൽ വയ്ക്കുന്ന ഇതാണ് ചാട്ടക്കാരനായി ഉയരം ക്രമീകരിക്കുന്നത്. ചാട്ടക്കാരൻ ഇത് തട്ടി താഴെയിട്ടാൽ ചാട്ടം അസാധുവാകും.

## ബാറ്റൺ

30 സെൻറീമീറ്റർ നീളമുള്ള തടികൊണ്ടോ മെറ്റൽ കൊണ്ടോ നിർമ്മിച്ച കുഴൽ ആണ് ബാറ്റൺ. റിലേ മത്സരങ്ങൾക്കാണ് ബാറ്റൺ ഉപയോഗിക്കുന്നത്. ഇതു വഹിച്ചു കൊണ്ട് ഓടുന്നവർ അടുത്ത ഓട്ടോക്കാരനു കൈമാറുന്നതാണ് റിലേയിലെ മത്സര രീതി. ഓരോ ഓട്ടക്കാരനും നിശ്ചിത അകലം തീരുന്നതിനു പത്തുമീറ്റർ മുൻപ് 10 മീറ്ററിന് ശേഷമോ ബാറ്റൺ കൈ മാറിയിരിക്കണം.

## ബ്രേക്ക് സ്റ്റാർട്ട്

അത്‌ലറ്റിക് നിയമപ്രകാരം ഇതു കുറ്റമാണ് മത്സരം തുടങ്ങാനുള്ള സൂചന കിട്ടും മുൻപേ ഓടി തുടങ്ങുന്നതിന് ബ്രേക്ക് സ്റ്റാർട്ട് എന്ന് പറയുന്നു

## ക്രോസ് കൺട്രി

മുൻകൂട്ടി നിശ്ചയിച്ച നാട്ടുവഴികളിലൂടെ നടത്തുന്ന ദീർഘദൂര ഓട്ടമത്സരം. പാതയിൽ സ്വാഭാവികമായി ഉണ്ടാവുന്ന കുഴികളും കുന്നുകളും എല്ലാം മത്സരത്തിന് ഭാഗമാണ്.


## ഡെഡ് ഹീറ്റ്

ഓട്ടമത്സരത്തിൽ പങ്കെടുക്കുന്ന ഒന്നിലേറെ പേർ ഒരേസമയം ഫിനിഷിംഗ് പോയിൻറ് എത്തുന്നതിനെയാണ് ഡെഡ് ഹീറ്റ് എന്ന് വിളിക്കുന്നത് .

## ഡിസ്കസ്

ഡിസ്കസ് ത്രോ മത്സരത്തിന് ഉപയോഗിക്കുന്ന ഉപകരണം. തടികൊണ്ട് നിർമ്മിച്ച് അരികിൽ ലോഹം ഘടിപ്പിച്ച വൃത്താകൃതി ആണ് ഇതിന്. കുറഞ്ഞത് 219 മില്ലിമീറ്റർ വ്യാസം രണ്ട് കിലോഗ്രാം ഭാരവും ഉണ്ടായിരിക്കണം. വനിതകളുടെ ഡിസ്കസ് ത്രോ മത്സരത്തിന് ഉപയോഗിക്കുന്ന ഇതിന് ഒരു കിലോഗ്രാം ഭാരം ആണ് വേണ്ടത്. മത്സരാർത്ഥി2.5 മീറ്റർ വ്യാസമുള്ള വൃത്തത്തിനുള്ളിൽ നിന്നുകൊണ്ട് ഒരു കൈയ്യിൽ ഡിസ്കസ് പിടിച്ച് ശരീരം വട്ടംകറക്കി ഡിസ്കസ് ദൂരേക്ക് എറിയുന്ന മത്സരം ഡിസ്കസ് ത്രോ. ഏറ്റവും കൂടുതൽ ദൂരത്തിൽ എറിയുന്നയാൾ വിജയി.

സമ്പാദകർ
ഫിദ ഫാത്തിമ , 9A



അനുഭവക്കുറിപ്പ്

# പ്രളയാനുഭവങ്ങൾ

പ്രളയം വന്നപ്പോൾ എനിക്കുണ്ടായ അനുഭവം വളരെ ഗുരുതരമായിരുന്നു .എനിക്ക് മാത്രമല്ല എല്ലാവർക്കും . പ്രളയം വന്നപ്പോൾ എല്ലാം പോയി . ഓരോ ആളുകൾക്കും അവരുടെ സാധനങ്ങൾ എല്ലാം നഷ്ടപ്പെട്ടു .

എന്റെ വീട്ടിൽ വെള്ളം കയറി . ഭാഗ്യവശാൽ വീടിന്റെ ഉള്ളിൽ വെള്ളം കയറിയില്ല . അത് ഞങ്ങൾക്ക് വലിയൊരു ആശ്വാസം ആയിരുന്നു . വീടിന്റെ പുറത്തു നല്ല വെള്ളമുണ്ടായിരുന്നു . അപ്പോൾ ഞങ്ങൾ അടുത്ത വീടിന്റെ ടെറസ്സിന്റെ മുകളിൽ ആയിരുന്നു താമസിച്ചത് .പിന്നെ വെള്ളം കുറഞ്ഞു തുടങ്ങിയപ്പോഴാണ് ഞങ്ങൾ വീട്ടിലേക്ക്  വന്നത് . എന്നാൽ അടുക്കള ഭാഗത്തു വെള്ളം കയറിയിരുന്നു . പാത്രങ്ങൾ കുറെ ഒഴുകി പോയി .

ഇത് ഞങ്ങൾക്ക് വല്ലാത്ത ഒരു അനുഭവമായിരുന്നു . വെള്ളം കയറിയത് പ്രകാരം സ്‌കൂളിൽ നിന്ന് പുസ്തകങ്ങൾ എല്ലാം വീണ്ടും കിട്ടി .

പ്രളയം വന്നപ്പോൾ കുറെ പേരുടെ ജീവിതം പോയി . അത് ഒക്കെ ഓർക്കുമ്പോൾ വല്ലാത്ത വിഷമം തോന്നുന്നു . എന്റെ മാമന്റെ വീടിന്റെ ഉള്ളിലൊക്കെ വെള്ളം കയറിയിരുന്നു .
അവരുടെ സാധനങ്ങൾ എല്ലാം നശിച്ചുപോയി . ക്യാമ്പിൽ ആണ് അവർ താമസിച്ചിരുന്നത് .
പ്രളയം ഒറ്റ വരവിൽ എല്ലാം നശിപ്പിച്ചു . അത് കേരളത്തിലെ ജനതയുടെ ജീവിതം തന്നെ മാറ്റിമറിച്ചു .



അഞ്ജന സുരേഷ് , 7B

<u>കവിത</u>

# ലഹരി

യാത്രയാകും , ഏകനായി
ഹൃദയത്തുടിപ്പുകൾ അനാഥമാകും
വറ്റിവരണ്ടതാം വെള്ളമേഘ ചാലി-
ലൊരു തുള്ളി കണ്ണുനീർ ശിഷ്ടമാകും
ശീതള ഛായയിൽ ശീതമകറ്റീടാൻ
ശീതീകരിച്ചൊരാ മദിരമേന്തി
കൂട്ടുകാരൊന്നിച്ചു പോയിടുമ്പോൾ
കാട്ടിടുന്നാവീഥി കാട്ടിലേക്ക്
കൗമാരചിന്തകൾ അതിരുവിട്ടു
ലഹരി നീരാളിതൻ പിടിയിലായി
വേണ്ടയീ വിഷമുള്ള ലഹരികൾക്കടിമയായ്
വേണ്ടാത്തതാകരുത മനുഷ്യജന്മം
ലഹരിയേ അറിയാത്ത നല്ലൊരാനാളെയുടെ
നേർകാഴ്ചയാകണം മർത്യജന്മം
പടനയിച്ചീടണം  ലഹരികൾക്കെതിരെയായ്
പൊരുതേണവസാന വിജയം വരെ

ശ്രീ . നവീൻ പുതുശ്ശേരി
അധ്യാപകൻ (മലയാളം)





അഭിമുഖം

# സൺഡേ ഹോളിഡേയിലെ സൂപ്പർ വിജയ് ബൈസിക്കിൾ തീഫ്

"നമ്മൾ അവസരം കൊടുക്കാതെ ലോകത്തിൽ ആർക്കും
നമ്മെ ചതിക്കാൻ പറ്റില്ല,
സ്വപ്നങ്ങൾ നേടിയെടുക്കുക എന്നത് വലിയൊരു പാറ പൊട്ടിക്കുന്നത് പോലെയാണ്"
(സൺഡേ ഹോളിഡേ )

"മക്കളുടെ മനസ്സ് കാണുന്നതല്ലേ ഏറ്റവും വലിയ കാര്യ ! നമ്മൾ കല്ലുങ്ങൾ കൊണ്ട് വലിയ ഒരാനപന്തൽ കെട്ടി ഉണ്ടാക്കിയാലും അതിലൊരു ഉറുമ്പിനുപോലും നിൽക്കാനുള്ള യോഗ്യത ഉണ്ടാവില്ല."
( വിജയ് സൂപ്പറും പൗർണമിയും )

ജീവിത ഗന്ധിയായ സംഭാഷണം , സംവിധാനം ..................
പ്രേക്ഷക മനസ്സുനിറക്കുന്ന ജിസ് ജോയ് മനസുതുറക്കുന്നു

Q. ജിസ് , പഠനകാല പുസ്തകം തുറക്കാമോ ?

* എസ് എസ് എൽ സി പാസായത് 1995 ൽ കലൂർ സെന്റ് അഗസ്റ്റിൻസ് സ്ക്കൂളിൽ നിന്നാണ്. അന്ന് തന്നെ മിമിക്രിയോടും സിനിമകളോട് താത്പര്യമുണ്ടായിരുന്നു .

Q. സിനിമയിലേക്കുള്ള പ്രവേശനം?

* ഏഷ്യാനെറ് കേബിളിലെ പഞ്ചിക് സ്റ്റാർ എന്ന പരിപാടിയിലൂടെയാണ് ചാനലുകളിൽ എത്തിയത്. ജയന്റെ (ജയസൂര്യ) കൂടെ സ്നേഹപൂർവ്വം എന്ന പരിപാടി അവതരിപ്പിച്ചു . ഞങ്ങൾ രണ്ടുപേരും സിനിമാ മോഹവുമായി നടന്ന കാലം ഇന്നും ഓർമയിലുണ്ട്. അല്ലു അര്ജുനന് മലയാളം ഡബ്ബിങ് നൽകിയപ്പോഴാണ് എന്റെ സ്വരം തിരിച്ചറിയാൻ

തുടങ്ങിയത് .

Q. പരസ്യ ചിത്രങ്ങൾ 500 കടന്നു കഴിഞ്ഞു . എങ്ങനെ വിലയിരുത്തുന്നു ?
* EVM ഗോൾഡ് തൊടുപുഴ യുടെ പരസ്യത്തിലൂടെ തുടങ്ങി . നിറപറ ,ധാത്രി , ക്യാൻഡിമാൻ സ്ക്കൂൾ ബാഗ് അങ്ങനെ നിരവധി പരസ്യങ്ങൾ രചനയും സംവിധാനവും ചെയ്തു . മിത്സുബിഷി ഫ്യൂസോ ജപ്പാൻ , ഭാരത് ബെൻസ് മെഴ്സിഡസ് എന്നീ പരസ്യചിത്രങ്ങൾ ചെയ്യാൻ സാധിച്ചതിൽ സന്തോഷമുണ്ട് .

Q. സിനിമകൾ ?
* ആദ്യ ചിത്രം ബൈസിക്കിൾ തീവ്സ് , പിന്നെ സൺഡേ ഹോളിഡേ, ഇപ്പോൾ വിജയ് സൂപ്പറും പൗർണമിയും ..പുതിയ പ്രൊജക്റ്റ് കുഞ്ചാക്കോ ബോബനെ വെച്ചു പ്ലാൻ ചെയ്യുന്നു .

Q. ജിസിന്റെ കുടുംബവിശേഷങ്ങൾ ?
* പ്രിയതമയുടെ പേര് നൈജി , മക്കൾ യോഹാൻ ജിസ് തോമസ് , നിതാര തെരേസ ജിസ് .എന്റെ സിനിമകൾ കുടുംബത്തിന്റെ അകത്തളത്തിൽ നിന്ന് പിറവിയെടുത്തതാണ് .

Q. കുട്ടികളോട് പറയാൻ?
* ലക്ഷ്യം മനസ്സിൽ കണ്ടു മുന്നേറുക . നിരന്തരം പരിശ്രമിക്കുക. അലസത വെടിയുക.

ഞങ്ങൾക്കു വേണ്ടി സമയം അനുവദിച്ച പ്രശസ്ത സംവിധായകൻ ജിസ് ജോയ്ക്ക് നന്ദി . ഇനിയുള്ള എല്ലാ സംരംഭങ്ങളും വിജയിക്കട്ടെ എന്നാശംസിക്കുന്നു

അഭിമുഖം നടത്തിയത്

ശ്രീ . നവീൻ പുതുശ്ശേരി
അധ്യാപകൻ
(മലയാളം)



പരിസ്ഥിതി സംരക്ഷണം

# സ്കൂളിൽ നമുക്ക് ചെയ്യാവുന്നത്

സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാം . എങ്ങനെ ഒക്കെയാവണം അത് ? നോക്കാം .

1 - ഉപയോഗം കഴിഞ്ഞ പ്ലാസ്റ്റിക് കവറുകളും മറ്റും അലക്ഷ്യമായി വലിച്ചെറിയുന്നതിന് എതിരെ ആവട്ടെ ആദ്യത്തെ ബോർഡ് .

2 - പ്ലാസ്റ്റിക് കവറുകളുടെയും നിലവാരം കുറഞ്ഞ മറ്റ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെയും അമിത ഉപയോഗത്തിനെതിരെയും ബോർഡ് സ്ഥാപിക്കണം .

3 - ഗുണനിലവാരം കുറഞ്ഞ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിച്ചാൽ ഉണ്ടാകുന്ന ദൂഷ്യഫലങ്ങളെപ്പറ്റി ഒരു വലിയ ബോർഡ് തന്നെ സ്ഥാപിക്കണം .

4-ചവറ്റുകൊട്ട ഒന്നല്ല – രണ്ട്. പ്ലാസ്റ്റിക് കവറുകൾ , മിഠായി കടലാസുകൾ , ഒഴിഞ്ഞ പേനകൾ തുടങ്ങിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയാതെ അവ ഇടാനായി മാത്രം ഒരു കൊട്ട വയ്ക്കാം . പറ്റുമെങ്കിൽ ഓരോ ക്ലാസ്സ്മുറിയിലും ഇവ വേണം .

5-ചെറിയ സ്കൂൾ ആണെങ്കിൽ എല്ലാവർക്കും കൂടി ഒന്ന് മതിയാവും .പ്ലാസ്റ്റിക് കവറുകളും മറ്റും സ്കൂളിൽ കൊണ്ടുപോകാതിരിക്കാൻ പരമാവധി ശ്രമിക്കാം .

6.സ്കൂൾ അസ്സെംബ്ളിയ്ക്കും സർഗ്ഗവേള പിര്യേഡിലും എല്ലാം പ്ലാസ്റ്റിക് ദുരുപയോഗത്തെപ്പറ്റി ചെറിയ പ്രസംഗങ്ങൾ തയ്യാറാക്കി അവതരിപ്പിക്കാം .

ആകർഷകമായ കൊളാഷുകൾ നിർമിച്ചു പ്ലാസ്റ്റിക് സംബന്ധമായ ആശയങ്ങൾ ഉൾകൊള്ളുന്ന സന്ദേശങ്ങൾക്കൊപ്പം സ്കൂളിൽ കുട്ടികൾ ഒത്തുകൂടുന്ന ഇടങ്ങളിലെല്ലാം പതിക്കാം .



സമ്പാദക
ദേവിചന്ദന , 9A

ചെറുകഥ

# അതിജീവനം

ചുറ്റുപാടും ഇരച്ചെത്തുന്ന മഴത്തുള്ളികൾ ....നിമിഷം തോറും തൊട്ടു തൊട്ടു അരികിലേക്ക് വന്നെത്തുന്നത് അവർ ഭീതിയോടെ നോക്കി നിന്നു. ഇത്തരം ഒരു മഴയും വെള്ളപ്പൊക്കവും ആരും പ്രതീക്ഷിച്ചതല്ലല്ലോ. ആർക്കും എന്തു ചെയ്യണമെന്ന് അറിയില്ല. വെള്ളം ഇപ്പോൾ മുട്ടോളം ആയി .രണ്ടുദിവസമായി തുടങ്ങിയ മഴ ഇത് വരെ അവസാനിച്ചിട്ടില്ല.

ഇതിനിടയിൽ ഒരു കുട്ടി ഒട്ടുംതന്നെ പേടിക്കാതെ ഇരിക്കുന്നത് അമ്മുവിന്റെ  ശ്രദ്ധയിൽപെട്ടു. രണ്ടുദിവസമായി ആ കുട്ടി അതേ ഇരിപ്പാണ് എന്താണ് പ്രശ്നമെന്ന് ഓടിക്കയറിയ വെപ്രാളത്തിൽ ആർക്കുംതന്നെ ചോദിക്കാൻ സാധിച്ചില്ല. എല്ലാവരുടെയും മുമ്പിൽ ജീവൻ തിരിച്ചു കിട്ടുമോ എന്ന ചോദ്യം മാത്രമായിരുന്നു . പക്ഷേ ഇപ്പോൾ എല്ലാവരും നിരാശയിലാണ് . ഇനിയൊന്നും തന്നെ തങ്ങളെ രക്ഷിക്കാൻ വരാൻ പോകുന്നില്ല എന്നതുതന്നെ എല്ലാവരും പ്രതീക്ഷിച്ചു.

പക്ഷേ എന്തോ അമ്മുവിന് അങ്ങനെ തോന്നിയില്ല. അവളുടെ ആ തോന്നലിന് ഒന്നും തന്നെ അനുക്രലിച് ഇല്ലെങ്കിലും എന്തോ അവസാനത്തെ ആ പ്രതീക്ഷ കൈവിടാൻ അവൾ തീരുമാനിച്ചില്ല. അവൾ ആ കുട്ടിയുടെ അരികിലേക്ക് മുട്ടോളം വെള്ളത്തിൽ നീന്തി പോകാൻ തുടങ്ങി. ഇവർ ആര് എന്ന ചോദ്യവുമായി മുഖം പതിയെ ഒന്ന് ഉയർത്തി. ആദ്യം തന്നെ ആ കുട്ടിയുടെ വിശേഷം ചോദിക്കാൻ അവൾക്കു തോന്നിയില്ല. ഒരു അപരിചിതയോട് സ്വന്തം കാര്യം പറയാൻ അവൾക്ക് ഒരു താല്പര്യം ഇല്ലെങ്കിലോ. അതുവേണ്ട അവൾ തീരുമാനിച്ചു ,ആദ്യം സ്വയം പരിചയപ്പെടുത്താം .
അവൾ ഒരു പുഞ്ചിരിയോടെ പറഞ്ഞു തുടങ്ങി. ഞാൻ  അമ്മു. അവൾ പതുക്കെ തലയാട്ടി. എന്താണ് അതിലൂടെ അവൾ ഉദ്ദേശിച്ചതെന്ന് അമ്മുവിന് മനസ്സിലായില്ല. എന്നാലും അവൾ പറഞ്ഞു." ഈ വീടിന്റെ രണ്ടു വീട് അപ്പുറത്താണ് താമസം".

" പിന്നെ എങ്ങനെ ഇവിടെ എത്തി". ഒരു പുഞ്ചിരിയോടെ അമ്മുവിനെ അമ്പരപ്പിച്ചുകൊണ്ട് കൊണ്ട് ആ കുട്ടി ചോദിച്ചു. ഭാഷയുടെ രീതി കേട്ടപ്പോൾ തന്നെ ഇവിടുത്ത്കാരിയല്ല ,അന്യദേശത്ത് നിന്നാണ് എന്നവൾക്കു ബോധ്യമായി. എങ്കിലും അവൾക്ക് മലയാളം നന്നായിത്തന്നെ അറിയാമെന്ന് വിശ്വസിച്ചുകൊണ്ട് അമ്മു വീണ്ടും പറഞ്ഞു.

" ഇവിടെ ഞാനും അമ്മയും ചേട്ടനും കൂടിയായിരുന്നു താമസം. ആരും വീട്ടിലില്ലാത്ത സമയത്താണ് മഴ തുടങ്ങുന്നത് .ഇടിവെട്ടും ഉണ്ടായിരുന്നതു കൊണ്ട് ഞാൻ ഇങ്ങോട്ട് വന്നതാണ് . അപ്പോളൊന്നും വെള്ളം കയറിത്തുടങ്ങി ഇല്ലായിരുന്നു. അന്ന് വൈകിട്ടോടെയായിരുന്നു വെള്ളം കയറാൻ തുടങ്ങിയത്.

ആദ്യം വെള്ളം കയറുന്നത് കണ്ടെങ്കിലും അത് ഇത്രയും കയറുമെന്ന് പ്രതീക്ഷിച്ചില്ല. അതുകൊണ്ട് മുട്ടോളം വെള്ളം ആയപ്പോൾ ആണ് ഞങ്ങൾക്ക് പേടി തോന്നി തുടങ്ങിയത്. അപ്പോഴേക്കും ഈ പരിസരത്ത് ഉള്ള കുറച്ച് വലിയവീട് ഇത് ആയതിനാൽ എല്ലാവരും ഇവിടെ എത്തി. ഭക്ഷണത്തിന് അപ്പോഴൊന്നും ഒരു പ്രശ്നവും തോന്നിയില്ല. പക്ഷേ ഇപ്പോൾ വെള്ളം പോലും കുടിക്കാൻ ഇല്ലാത്ത അവസ്ഥയിലായി ഇനിയെന്ത് ചെയ്യും. പുറത്തേക്ക് ഇറങ്ങി വഞ്ചിക്ക് എങ്ങോട്ടെങ്കിലും പോകാമെന്ന് കരുതി ഇറങ്ങിയെങ്കിലും മലവെള്ള പാച്ചില് കാരണം അത് നടന്നില്ല. ഇനി ഇപ്പോൾ എന്തുചെയ്യണമെന്ന് ആർക്കും അറിയില്ല. എല്ലാം എല്ലാവരും പ്രതീക്ഷ അറ്റ് ഇരിക്കുന്നവരാണ്. അമ്മയും, ചേട്ടനും, അച്ഛനും എവിടെയാണെന്ന് പോലും എനിക്കറിയില്ല.

ഇത്രയും ദിവസം ഒളിപ്പിച്ചു വെച്ച കണ്ണീർ ആ ദിവസം അവളിൽനിന്ന് അവൾ പുറത്ത് പെയ്യുന്ന മഴയെക്കാൾ ശക്തമായി പെയ്യതുടങ്ങി.

തെല്ലൊരു പുഞ്ചിരിയോടെ ആ കുട്ടി പറയാൻ തുടങ്ങി." ഇവിടെ ആദ്യമായാണല്ലോ ഇങ്ങനെ ഒരു ദുരന്തം വരുന്നത്" അവൾ ചോദിച്ചു.

അതെ എന്ന അമ്മു മറുപടി പറഞ്ഞു. വീണ്ടും ചിരിച്ചുകൊണ്ട് അവൾ പറയാൻ തുടങ്ങി. എന്റെ പേര്" നിവേദ്യ' ,ജനിച്ചത് ഇവിടെയാണെങ്കിലും വളർന്നത് ജപ്പാനിലാണ്"

അവൾ വീണ്ടും തുടർന്നു.

" അച്ഛന് അവിടെയായിരുന്നു ജോലി. അവിടെ ഇതുപോലെ ഒരുദിവസം ഒരു ഭൂചലനത്തിൽ എനിക്ക് എന്റെ അച്ഛനെ അമ്മയെ നഷ്ടമായി. അവിടെ ഇതുപോലത്തെ ദുരന്തങ്ങൾ സാധാരണമാണ്". ഇവിടത്തെ പോലെ ഒരു ദുരന്തം കൊണ്ട് എല്ലാം പോയെന്നു പറഞ്ഞു കരയുന്നവർ മറിച്ച് ഓരോ ദുരിതത്തിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് വീണ്ടും അതിജീവിക്കും. എനിക്ക് എന്റെ അച്ഛനേയും വളരെ നഷ്ടമായി.

നിനക്ക് നിൻറെ അച്ഛനമ്മയും അച്ഛനമ്മയും ഒരു രണ്ടുദിവസം കാണാതായപ്പോൾ ദുഃഖം സഹിക്കാൻ വയ്യാതെ അവരെ എന്നെന്നേക്കും ഇഷ്ടപ്പെട്ട എൻറെ അവസ്ഥ എന്നായിരിക്കും. ഇവിടെ ഇപ്പോൾ മുത്തശ്ശിയുടെ കൂടെയാണ് താമസം" ഓരോ ദുരന്തത്തിലും പ്രതീക്ഷ കൈവിടാതെ ജീവിച്ചാലോ നമുക്ക് ജീവിതത്തിൽ മുന്നേറാൻ സാധിക്കും.

നിവേദ്യ യുടെ കഥ കേട്ടപ്പോൾ തൻറെ പ്രശ്നങ്ങളൊന്നും ഒരു പ്രശ്നമേയല്ല എന്ന് അവൾക്ക് തോന്നി. ആ കുട്ടിയുടെ ജീവിതത്തിൽ നിന്ന് നമുക്ക് ഒരു കാര്യം മനസ്സിലായി . തങ്ങളെക്കാൾ ദുഃഖം അനുഭവിക്കുന്നവരും ഈ ഭൂമിയിലുണ്ട്. തന്റെ ഈ ചെറിയ ദുഃഖംകൊണ്ട് വിഷമിച്ചിരിക്കുന്നത് വെറും മണ്ടത്തരമാണ്.

അപ്പോഴേക്കും വാതിലിനടുത്തേക്ക് ആരോ വരുന്നതായി അമ്മുവിനു തോന്നി. നോക്കിയപ്പോൾ അവളുടെ അച്ഛനും അമ്മയും ചേട്ടനും.
ഒരു ഞെട്ടലോടെ അമ്മു ആ കുട്ടിയെ നോക്കി. അപ്പോഴും ആ കുട്ടി അവളെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു.
അപ്പോൾ അമ്മു മനസ്സിൽ ഓർത്തു നമ്മൾ ഇത് അതിജീവിക്കും.



നിത്യ സുധീഷ് ,10A

സാഹിത്യം

# എസ് കെ പൊറ്റെക്കാട്



1913 മാർച്ച് 14 -നാണ് എസ് കെ പൊറ്റക്കാട് ജനിച്ചത് . ജന്മസ്ഥലം കോഴിക്കോട് . ശങ്കരൻകുട്ടി പൊറ്റക്കാട് എന്നാണ് യഥാർത്ഥ പേര് .

പ്രമുഖ നോവലിസ്റ്റും , ചെറുകഥാകൃത്തും , സഞ്ചാരസാഹിത്യകാരനും ആയിരുന്ന എസ് കെ പൊറ്റക്കാട് . ലോകത്തിലെ മിക്ക രാജ്യങ്ങളും അദ്ദേഹം സന്ദർശിച്ചിട്ടുണ്ട് . ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ച കഥാകാരൻ അവിടങ്ങളിലെ മണ്ണിന്റെ മണവും , ഗുണവും വികാരവും മനുഷ്യജീവിതവുമെല്ലാം കഥകളിൽ ആവിഷ്കരിച്ചു .

അറുപതിലധികം കൃതികളുടെ കർത്താവാണ് എസ് കെ പൊറ്റക്കാട് .ഇരുപത് ചെറുകഥാസമാഹാരങ്ങൾ , നൂറ്റിമുപ്പത്തിലധികം കഥകൾ . ജീവിതത്തെ സ്നേഹിച്ച സാഹിത്യകാരനായിരുന്ന എസ് കെ പൊറ്റക്കാടിന് 1981 -ൽ ജ്ഞാനപീഠം അവാർഡ് ലഭിച്ചു . 1982 ഓഗസ്റ്റ് 6 -ന് ആ നിത്യഹരിതനായകൻ മണ്മറഞ്ഞു .

പ്രധാനകൃതികൾ : വിഷകന്യക , ഒരു തെരുവിന്റെകഥ , ഒരു ദേശത്തിന്റെകഥ , മൂടുപടം(നോവൽ), രാജമല്ലി ,നിശാഗന്ധി ,മേഘമാല , പത്മരാഗം, രംഗമണ്ഡപം ,ചന്ദ്രകാന്തം ,കനകാംബരം , അന്തർവാഹിനി , ഏഴിലംപാലെ (കഥകൾ ) ,അച്ഛൻ (നാടകം) ,പ്രഭാതകാന്തി ,സഞ്ചാരിയുടെ ഗീതങ്ങൾ (കവിത) , കെയ്റോ കത്തുകൾ ,കാപ്പിരികളുടെ നാട്ടിൽ , പാതിരാസൂര്യന്റെ നാട്ടിൽ , ബൊഹീമിയൻ ചിത്രങ്ങൾ (യാത്രാവിവരണങ്ങൾ ).

സമ്പാദകർ

ഫാത്തിമത്ത് ഫർസാന , ഫാത്തിമത്ത് ഫർഹാന , 9A





ശാസ്ത്ര കൗതുകം

# ഈച്ചകൾ പറക്കുന്നതെങ്ങനെ ?

പറക്കൽ കലയാക്കിയവരാണ് ഈച്ചകൾ. എന്നാൽ ശരീര വലിപ്പം വച്ച് നോക്കുമ്പോൾ അവയുടെ ചിറകുകൾ വളരെ ചെറുതാണ് . നന്നായി പറക്കുന്നതിനു വേണ്ടി അവക്ക് തങ്ങളുടെ കുഞ്ഞു ചിറകുകൾ വളരെ വേഗം വീശേണ്ടതുണ്ട് .അവയുടെ മൂളൽ ശബ്ദം ഉണ്ടാകുന്നത് അങ്ങനെയാണത്രെ !
പഴയീച്ച ചിറകടിക്കുന്നതിന്റെ ആവൃത്തി 200 ഹേർട്സ് ആണ് . അതിന്റെ പറക്കാൻ സഹായിക്കുന്ന മസിലുകൾ സെക്കൻഡിൽ 200 പ്രാവശ്യം സങ്കോചിക്കുകയും വികസിക്കുകയും ചെയ്യുന്നു എന്നാണു അതിനർത്ഥം .
ഈച്ചകളിൽ അതി വേഗ മസ്സിലുകളാണ് ഉള്ളത് .ഒരു പ്രത്യേക ജീനാണ് ഈ പ്രത്യേക മസിലുകൾ വികസിച്ചു വരുന്നതിനു കാരണം .സ്പാർട് എന്നാണ് ഈ ജീനിന്റെ പേര് .

സമ്പാദക

ഫാത്തിമ എ എച്ച്, 9B



## ശുഭ ചിന്തകൾ

- സന്തോഷത്തെ തേടുന്നവന് പിടി തരാതെ സന്തോഷം അകലെ നിൽക്കും.പക്ഷെ അവനവന്റെ കർമം ധാർമികമായി ചെയ്യുന്നവനെ സന്തോഷം സദാ പിന്തുടരും .
-
- നമ്മുടെ യഥാർത്ഥ നിധി നമ്മിൽ തന്നെയുണ്ട് . അത് നമ്മുടെ ആത്മ വിശ്വാസവും ആത്മ ധൈര്യവും ആണ്. ആ നിധി സ്വന്തമാക്കാതെ മറ്റൊരു നിധിയും നമുക്ക് ലഭിക്കുകയില്ല .
-
- നമ്മുടെ കൊക്കിലൊതുങ്ങുന്നതേ നാം കൊത്താവൂ .അല്ലെങ്കിൽ കൊത്തിയെടുത്തതും പോകും , കൊത്തിയവനും തീരും .
-
- ആഗ്രഹങ്ങൾ പോലെ തന്നെയാണ് ആഗ്രഹിക്കാനുള്ള അർഹതയും . ആദ്യം അർഹത നേടുക .അപ്പോൾ ആഗ്രഹങ്ങൾ ഒന്നൊന്നായി സ്വാഭാവികമായി സാക്ഷാത്കരിക്കപ്പെടും .

സമ്പാദക

ശ്രീപ്രിയ ഡി എസ്, 9A



ചെറുകഥ

# ഒരു ദിവസം

രാവിലെ ഏകദേശം 7 മണിയാകുന്നു .ചന്ദ്രന്റെ കടയിൽ നിന്ന് പാൽ വാങ്ങി വീട്ടിലേക്കു മടങ്ങുകയായിരുന്നു .അപ്പോൾ ആണ് പുറകിൽ നിന്നൊരു വിളി "രവി ...."

തിരിഞ്ഞു നോക്കിയപ്പോൾ അസോസിയേഷൻ പ്രസിഡന്റ് ആണ് .ലളിത ചേച്ചി .

"ഹാ ഇതാര് ലളിത ചേച്ചിയോ ?എന്തൊക്കെ ഉണ്ട് വിശേഷിച്ച്?
ആ അങ്ങനെ പോണു. ഞാൻ വിളിച്ചത് നമ്മുടെ അസോസിയേഷൻ പരിപാടി ഫെബ്രുവരി 2 ന് ആണ്.എന്തെങ്കിലും ഒരു പരിപാടി രവി ചെയ്യണം ."
"ഓ ....അതുപിന്നെ പ്രത്യേകിച്ച് പറയേണ്ടല്ലോ ." "
എന്നാൽ ശരി ഞാൻ പോകുന്നു .ഇത്തിരി ധൃതിയുണ്ട് ."അവർ പിരിഞ്ഞു .

രവി മുന്നോട്ട് നടന്നു .അപ്പോഴാണ് വഴിയിൽ ഒരാൾക്കൂട്ടം കണ്ടത് . അവൻ അവിടെ നിന്ന ഒരാളോട് കാര്യം അന്വേഷിച്ചു. "
ഏതോ ഒരു വയസ്സൻ... ആക്സിഡന്റാണ് ."

രവി ആൾക്കൂട്ടത്തിനിടയിലൂടെ മുന്നോട്ട് നീങ്ങി .അപ്പോഴതാ ഒരു വൃദ്ധൻ ചോരയിൽ കുളിച്ചു കിടക്കുന്നു .നല്ല പരിചി തമായ മുഖം .എവിടെയോ കണ്ടു മറന്നതുപോലെ .എന്തായാലും ഒന്ന് സഹായിച്ചേക്കാം .

രവി വൃദ്ധനെ താങ്ങിയെടുത്തു.ആൾക്കാർ വഴി മാറി. പെട്ടെന്നു ഒരു ഓട്ടോറിക്ഷ പിടിച്ചു. ഓട്ടോ ഡ്രൈവർ ചോദിച്ചു.

ഈ കേസൊക്കെ തലയിലേറ്റാണോ.ഒന്നും മിണ്ടിയില്ല . അടുത്തുള്ള ഒരു സ്വകാര്യ ആശുപത്രിയിലെത്തി . വൃദ്ധനെ ഐ.സി.യൂ യിലേക്ക് മാറ്റിയപ്പോൾ പുറത്തു കാത്തു നിന്നു.

ഒരു പരിചയവുമില്ലാത്ത ആളിനെ സഹായിക്കേണ്ട ഒരാവശ്യവുമില്ലായിരുന്നു .എങ്കിലും ഒരു മനഃസമാധാനത്തിനുവേണ്ടി മാത്രം .

പെട്ടെന്ന് സിസ്റ്റർ വന്നുപറഞ്ഞു "ബോധം തെളിഞ്ഞിട്ടുണ്ട്. അകത്തു കേറി കാണാം ."

ഐ.സി.യൂ.വിലേക്ക് കയറി .അപ്പോൾ അതാ വൃദ്ധൻ സന്തോഷത്തോടെ തന്നെ നോക്കുന്നു .ഒരു പക്ഷേ രക്ഷിച്ചതിന്റെ നന്ദി കാട്ടുന്നതായിരിക്കാം.

രവി വൃദ്ധന്റെ അടുത്തുചെന്നു ."ഇരിക്കു". വൃദ്ധൻ പറഞ്ഞു .രവി തൊട്ടടുത്തുള്ള കസേരയിൽ ഇരുന്നു .

"രവി ,എന്നെ ഓർമ്മയുണ്ടോ ?വൃദ്ധൻ ചോദിച്ചു .എന്റെ പേരെങ്ങനെ ഇദ്ദേഹത്തിനറിയാം?രവി അത്ഭുതത്തോടെ ഓർത്തു ."ഇല്ല ,പെട്ടെന്നോർമ കിട്ടുന്നില്ല."

"വിക്ടോറിയയിലെ കമലൻ മാഷാണ് ഞാൻ .ഓർക്കുന്നുണ്ടോ ?

"ഉവ്വ് ,ഉവ്വ് ഇപ്പോൾ ഓർമ്മവന്നു ."ആ ഇപ്പോൾ ജോലിയൊക്കെയുണ്ടോ ? അന്നു താൻ പഠിക്കാൻ മോശമായിരുന്നുവല്ലോ "

രവി ലജ്ജയോടെ പറഞ്ഞു "ഒരു സർക്കാർ ജോലിയുണ്ട്.

"ഉം .പഠിച്ചാൽ മാത്രം പോരാ .ആദ്യം നല്ലമനുഷ്യനാകണം "തന്റെ കൂടെ പഠിച്ച മാധവനൊക്കെ ഉണ്ടായിരുന്നു ആൾക്കൂട്ടത്തിൽ മയങ്ങുന്നതിനു മുൻപ് ഒരു നോക്ക് കണ്ടിരുന്നു .നല്ലോണം പഠിക്കുന്ന കുട്ടിയായിരുന്നു .പക്ഷേ ,അവന്റെ മാഷ് ...പോട്ടെ ഒരു മനുഷ്യൻ വീഴുന്നത് കണ്ടിട്ട് ഒന്ന് സഹായിക്കാൻ കൂടിതോന്നിയില്ല .മാഷ് സങ്കടത്തോടെ പറഞ്ഞു .

സാറെവിടെയാ താമസം ?

"ഞാൻ മുട്ടാറിന്റെ അടുത്ത് "."ഓ... ഞാൻ വാരാപ്പുഴക്ക് അടുത്താണ് ..

"ഓഹ്... കുടുംബമൊക്കെ ?

"കല്യാണം കഴിഞ്ഞു .ഭാര്യാ മീര.. മക്കൾ രണ്ട്പേർ

മൂത്തയാൾ  ആറിലും ഇളയവൻ മൂന്നിലും". എങ്കിൽ ശരി രവി.... പൊയ്ക്കോളൂ"

"അയ്യോ ..വേണ്ട .സാറിനെ ഇങ്ങനേ വിട്ടിട്ടുപോകാൻ മനസ്സു വരുന്നില്ല"

"എനിക്കൊന്നുമില്ലെടാ എന്റെ ശിഷ്യൻ  എന്നെ തക്കസമയത് രക്ഷിച്ചു. അതുതന്നെ ധാരാളം .രവി സമാധാനമായി ചെല്ലൂ"

എങ്കിൽ ശരി .കാശ്അടച്ചിട്ടുണ്ട്. സൂക്ഷിച്ചു പോണം" .

"ശരി മോനെ ഭാഗ്യമുണ്ടങ്കിൽ ഇനിയും കാണും " .

ആ ഗുരുവിന്റെ ഗാംഭീര്യം നിറഞ്ഞ മുഖത്തു നോക്കി ഞാൻ മെല്ലെ നടന്നു .



ബാലേന്ദു എം ൽ, 9A

ചിത്രകല

# ഒരു ചിത്രകാരന്റെ ഭാവനയിലൂടെ ..........







ശ്രീ .ബാലകൃഷ്ണൻ എം പി



ചിത്രകലാധ്യാപകൻ

കാഴ്ചപ്പാട്

# ഒരുമയുടെ സന്ദേശം

കേരള സമൂഹം നേരിട്ട ഒരു ഭീഷണിയാണ് പ്രളയം. ഓണക്കാലത്തുണ്ടായ പ്രളയം വൻ നാശനഷ്ടം ആണ് ഉണ്ടാക്കിയത് . പ്രകൃതിയെ നശിപ്പിച്ചതിന് കേരള ജനതയ്ക്ക് ലഭിച്ച തിരിച്ചടിയായിരുന്നു പ്രളയം . മരങ്ങളെയും ചെടികളെയും നശിപ്പിക്കുമ്പോൾ നമ്മൾ ഇനി ഓർക്കുക മറ്റൊരു പ്രളയം ഇനിയും ഉണ്ടാകാം. ഈ ഒരു കാര്യം മനസ്സിൽ ഉണ്ടായാൽ ഒരിക്കലും നമ്മൾ പ്രകൃതിയെ നശിപ്പിക്കുന്നതിനായി ഒന്നും ചെയ്യാൻ മുതിരില്ല . കേരളത്തിലെ ജനങ്ങൾ ഒന്നിച്ചാണ് പ്രളയത്തെ അതിജീവിച്ചത് . അന്നവരുടെ മനസ്സിൽ ശത്രു എന്നോ മിത്രം എന്നോ ഉള്ള ചിന്ത ഇല്ലായിരുന്നു . മനുഷ്യജീവനായിരുന്നു അവിടെ വില കല്പിച്ചത് . ജനങ്ങൾ ഒറ്റക്കെട്ടായതുകൊണ്ടാണ് പ്രളയത്തെ അതിജീവിക്കാൻ കേരളത്തിന് കഴിഞ്ഞത് . മത്സ്യതൊഴിലാളികൾക്കാണ്  ഇതിൽ ഏറ്റവുമധികം പങ്ക് .    കേരളത്തിന് പൂർണമായും അതിജീവിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല . പ്രളയം പോലുള്ള ദുരന്തം ഉണ്ടായാൽ തീരുന്നതാണ് നമ്മുടെ സമ്പാദ്യം എന്ന ബോധം നമ്മളിലുണ്ടാകേണ്ടതാണ് . കേരളം ഇനിയൊരിക്കലും ഇതുപോലുള്ള ദുരന്തത്തിന് ഇരയാവാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം . അതിനുവേണ്ടി പ്രകൃതിയെ സംരക്ഷിക്കാം .




കാർത്തിക കെ കെ , 9A

# ഇംഗ്ലീഷ് വിഭാഗം

Poem

# NATURE

The earth is a beautiful place
It has beautiful things
The flower have sweet smell
While garbage has bad
The birds that fly above are beautiful
The way they flap their wings it in breathe taking
The sky is as blue as can be
Neither dark nor light,But beautiful blue
The nature is full of tree
flowers,grass and greenery
They fill hearts and minds
with thoughts and happiness
Have you ever thought of getting
out of your beds and exploring nature?
Early in the morning it is real
fun to hear the birds chirp
The beauty of nature cannot be
described in words.....



Fathima Farhana P Z , 9A

# QUOTES

## BELIEVING IN YOURSELF

*Believe you can and you're halfway there.

*you have to expect things of yourself before you can do there.

*It always seems impossible until it's done.


*Don't let what you cannot do interfere with what you can do.-JOHN WOODEN.

*Start where you are. Use what you have. Do what you can.
-ARTHUR ASHE.

*Successful and unsuccessful people do not vary greatly in their abilities. They vary in their desires to reach their potential.
-JOHN MAXWELL.

*The secret of success is to do the common things uncommonly well.
-JOHN.D. ROCKEFELLER.

*Good things come to people who wait,but better things come to those who go out and get them.



Collected by
Abid Farhan , 9B

Famous scientists

## Prof.M S Swaminathan
## The Pillar behind India's Green Revolution

Prof.Mankombu Sambasivan Swaminadhan was born in Kumbakonam on & August ,1925. He was the second son of surgeon Dr.M K Sambasivan and Parvati Thangammal Sambasivan .

M S Swaminathan learnt from his father that the word "impossible" exists mainly in our minds and that given the requisite will and effort , great tasks can be accomplished .

Swaminathan decided to persue a career in agricultural sciences. He got enrolled in Tamilnadu Agricultural University ,Coimbatore.

In 1947, he moved to the Indian Agricultural Research Institute ,Pusa for his post graduation. Then he accepted the UNESCO Fellowship to continue his IARI Research .

Prof,Swaminathan has been acclaimed by the Time Magazine as on eof the 20 most influential Asians of the 20th centuary.

His advocasy of sustainable agriculture leading to an ever green revolution makes him an acknowledged world leader in the field of sustainable food security.

Collected by

Muhammed Ameer , 9A



PUZZLE

# NICE GAME : Try to answer

Add an English word to the following Set of Words in such a way that the First Word is completed and the Second Word starts.....

For Example – Foot-------Pen. Ans = Ball,So,it's Football and Ball pen

1.Business-------ship.
2.Roman--------pad.
3.Sketch--------stand.
4.Power---------full.
5.Postal---------book.
6.Candle--------house.
7.Double--------road.
8.Grave---------stick.
9.Waste---------lord.
10.Street-------weight.
11. Wrist-------man.
12.Ultra-------proof.
13.Girl---------ship.
14.Left--------smart.
15.Hair--------party.
16.Over-------pass.
17.Post--------van.
18.Pain-------stop.
19.Play--------nut.
20.Blank-----book.
21.High-------breaker.
22.Air--------cover.



Collected by

Aarathi M S , 9A

POEM

# LIFE

Life is an oceanic pool
With all its intellectual fools
Why worry men be cool
Let God the Headmaster control this great school.

Jean Ganapathy
Teacher (English)



Conversation

# Nature and me

Nature: Hi dear friend
Me : Hi
Nature: How are you ?
Me : Fine. What about you ?
Nature: You know everything about me and what is happening to me.
Me : What?
Nature: You, the people are destroying me.
Me : Yeah, I know. But I did not do anything to you.
Nature: You did not do anything but what about the other people?
Me : But we want to live here.
Nature: You can live but why are you all destroying me?
Me : How?
Nature: You are cutting down all the trees, polluting water, air and soil. Where will all the animals live without any forest? Can you help me?
Me : I can, but how?
Nature: You have to plant more trees and plants and tell your friends too.
Me : Okay, I will.

Anusha V A, 9A



# Why are Elephants Important?

Elephants are among the most intelligent of the creatures with whom we share the planet,with complex consciousnesses that are capable of strong emotions. Across Africa they have inspired respect from the people that share the landscape with them, giving them a strong cultural significance. As icons of the continent elephants are tourism magnets,attracting funding that helps protect wilderness areas. They are also keystone species,playing an important role in maintaining the biodiversity of the ecosystems in which they live.

During the dry season,elephants use their tusks to dig for water. This not only allows the elephants to survive in dry environments and when droughts strike,but also provides water for other animals that share harsh habitats.

When forest elephants eat, they create gaps in the vegetation. These

gaps allow new plants to grow and create pathways for other smaller animals to use. They are also one of the major ways in which trees disperse their seeds;some species rely entirely upon elephants for seed dispersal.

On the savannahs, elephants feeding on tree sprouts and shrubs help to keep the plains open and able to support the plains game that inhabit these ecosystems.

Wherever they live, elephants leave dung that is full of seeds from the many plants they eat. When this dung is deposited the seeds are sown and grow into new grasses, bushes and trees, boosting the health of the savannah ecosystem.

Collected by

Nandana Vijayakumar , 9A



ANIMAL WORLD

# WHAT WE DON'T KNOW ABOUT TIGERS


Save ourselves by saving tigers!!!
why are they so important?
Tiger is at the apex of the food chain

Tigers are solitary and have large home ranges making them excellent 'umbrella' species providing space for a variety of other species to flourish.

In India, more than 350 rivers originate from tiger reserves. These reserves also take in carbon dioxide, provide oxygen and slowly release ground water to regulate floods.

Protecting tiger will in turn protect these vital habitats. Saving the tiger will help communities and local populations benefit from habitat resources like wood, food,grazing and tourism.

Saving Tiger is about making sure that we live a little longer as the forests are known to provide ecological services like clean air,water,pollination,temperature regulation



Collected by
Ahammed Thijani , 9A

SCIENCE

# How can a doctor look at the inside of your body?

Well, he can't turn you inside out like a sock. He uses an **X-ray machine** to help him see more than the eye can see.

For example, if he wants to see inside your chest, he may as you lean against an X-ray plate. An X-ray machine that looks like a camera is behind you. The doctor points the X-ray machine at the part of your chest that he wants a picture of and turns on the machine. The X-rays go from the machine right through parts of your body to the X-ray plate that you are leaning against. But you can't see or feel the X-rays.

An X-ray plate is like a sandwich. It is made of a piece of film between two screens. These screens are covered with millions of tiny crystals. Wherever X-rays hit the screens, the crystal glow. When the crystals glow, they make a sort of fog on the film.


The X-rays that doctors usually use can go through muscles and organs, but they can't go through your bones. So, the crystals won't glow,

and the film won't be "fogged" where your bones block the X-rays. When a picture is made from the film, the places where your bones are will look light.

The X-ray picture that the doctor shows you may have the dark and light areas turned around, so that your bones look dark, and the rest of your insides look light. But whichever way you see your X-ray picture,the doctor is trained to know what all the light and dark parts mean. By being able to "see" inside you, is better able to keep you healthy.

Collected by

Aadhil Sabith, 9A




PROVERBS

## WORDS OF WISDOM

- Where there is a will , there is a way
- Life is a challenge brave it.
- Hope for the best and prepare for the worst.
- No pains no gains.
- Self help is the best help.
- God helps those who help themselves.
- No pains no , no gains .
- Work is worship.
- Try , try you will succeed.
- Failure is the stepping stone to success.

Collected by

Suhada N A, 9A



# WORD GAME

* How did *ink* become a colour?

* How does *rain* become a pipe or channel?

* How does *old* become a precious metal?

* How does *one* become a part of human body?

* How does *ear* become an animal?

Answers........

# Pink

#Drain

#Gold

#Bone

#Bear

Collected By

Saafira V S, 9 A



Mathematics

# PATTERN-1

**$1^2$=2**
**$11^2$=121**
**$111^2$=12321**
**$1111^2$=1234321**
**$111111^2$=123454321**
**$1111111^2$=12345654321**
**$11111111^2$=1234567654321**
**$111111111^2$=123456787654321**
**$1111111111^2$=12345678987654321**

# PATTERN-2

**12345679 x 9=111111111**
**12345679 x 18=222222222**

**12345679 x 27=333333333**

**12345679 x 36=444444444**
**12345679 x 45=555555555**

Collected by

AYSHA UMAID ,9A



# From my drawing book........







Works by
Pranav M Nair , 9A

# ***JOKES TO RELAX***

Teacher:What is a synonym ?
Pupil:A word we use when we can't spell the other one.

Question: If fortune had a daughter what would you call her?
Answer: Mis(s) Fortune

Geography is about maps
But biography is about chaps.

GODISNOWHERE
GOD IS NO WHERE
GOD IS NOW HERE

Collected by



Athul T S , 9 A

# ഹിന്ദി വിഭാഗം

**कविता**


# आ गया प्रलय

बीता अगस्त , भूला कभी नहीं ।
बीता अगस्त , भूला कभी नहीं ॥
उमड़ रहा था हमारा केरल । उमंग रहा था प्रलय यहां ॥
आ गया प्रलय जल सब कहीं । ले गया प्रलय जल सबके सब ॥
घमंड गया सब मानव का । घमंड गया बहते बहते ॥
बदलाव आया सबके मन में । बदलाव आया सबके धन में ॥
खा गया अमीर गरीब एक साथ । सो गया अमीर गरीब एक साथ ॥
समझाया सबको एक सत्य । बेडोरते धन सहायक नहीं ॥
कभी भी न भूला वर्षा तांडव । कभी भी न आवे प्रलय तांडव ॥
पुनः न आना , हमें न मिलना । जाओ सदा केलिए हमारे बीच से ॥
बीता अगस्त , भूला कभी नहीं ।
बीता अगस्त , भूला कभी नहीं ॥



सनूजा ए षम्सु
हिंदी अध्यापिका
जी वी एच एस एस
नोर्त इडप्पल्ली

जीवनी



# कबीरदास

कबीर हिंदी साहित्य के महिमामण्डित व्यक्तित्व हैं। कबीर के जन्म के संबंध में अनेक किंवदन्तियाँ हैं। कुछ लोगों के अनुसार वे रामानन्द स्वामी के आशीर्वाद से काशी की एक विधवा ब्राह्मणी के गर्भ से पैदा हुए थे, जिसको भूल से रामानंद जी ने पुत्रवती होने का आशीर्वाद दे दिया था। ब्राह्मणी उस नवजात शिशु को लहरतारा ताल के पास फेंक आयी।

‘ कबीर के माता- पिता के विषय में एक राय निश्चित नहीं है कि कबीर " नीमा’ और " नीरु’ की वास्तविक संतान थे या नीमा और नीरु ने केवल इनका पालन- पोषण ही किया था। कहा जाता है कि नीरु जुलाहे को यह बच्चा लहरतारा ताल पर पड़ा पाया, जिसे वह अपने घर ले आया और उसका पालन- पोषण किया। बाद में यही बालक कबीर कहलाया।

कबीर ने स्वयं को जुलाहे के रुप में प्रस्तुत किया है -

" जाति जुलाहा नाम कबीरा

बनि बनि फिरो उदासी।’

कबीर पन्थियों की मान्यता है कि कबीर की उत्पत्ति काशी में लहरतारा तालाब में उत्पन्न कमल के मनोहर पुष्प के ऊपर बालक के रूप में हुई। ऐसा भी कहा जाता है कि कबीर जन्म से मुसलमान थे और युवावस्था में स्वामी रामानन्द के प्रभाव से उन्हें हिंदू धर्म का ज्ञान हुआ। एक दिन कबीर

पञ्चगंगा घाट की सीढ़ियों पर गिर पड़े थे, रामानन्द ज उसी समय गंगास्नान करने के लिये सीढ़ियाँ उतर रहे थे कि उनका पैर कबीर के शरीर पर पड़ गया। उनके मुख से तत्काल ‘ राम-राम’ शब्द निकल पड़ा। उसी राम को कबीर ने दीक्षा- मन्त्र मान लिया और रामानन्द जी को अपना गुरु स्वीकार कर लिया। कबीर के ही शब्दों में- ‘ हम कासी में प्रकट भये हैं, रामानन्द चेताये’ । अन्य जनश्रुतियों से ज्ञात होता है कि कबीर ने हिंदु- मुसलमान का भेद मिटा कर हिंदू- भक्तों तथा मुसलमान फक़ीरों का सत्संग किया और दोनों की अच्छी बातों को आत्मसात कर लिया।

जनश्रुति के अनुसार कबीर के एक पुत्र कमल तथा पुत्री कमाली थी। इतने लोगों की परवरिश करने के लिये उन्हें अपने करघे पर काफी काम करना पड़ता था। साधु संतों का तो घर में जमावड़ा रहता ही था।

सम्पादक

मुहम्मद तनवीर , 9A








# സ്ക്രൂൾതല പ്രവർത്തനങ്ങൾ ചിത്രങ്ങളിലൂടെ. . . . . . . . . .

# സ്ക്കൂളിലെ ആമ്പൽക്കുളം



# പ്രവേശനോത്സവം



# യുദ്ധവിരുദ്ധ റാലി



## ശിശുദിന റാലി



## ബഹിരാകാശ വാരാചരണം - സെമിനാർ



## അറബി കലോത്സവ വിജയികൾ



## ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്



# നാടൻ ഭക്ഷ്യ മേള




# പുസ്തക പ്രദർശനം



ഈ ഡിജിറ്റൽ മാസിക തയ്യാറാക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി

## Little Kites Team



i